## ബൈബിളിൽ മർമം എന്നതിന്റെ നിർവചനവും കാഴ്ചയും

**I. വേദപുസ്തകത്തിൽ ഒരു മർമം എന്നത്, മറഞ്ഞിരിക്കുന്നതും അറിയപ്പെടാത്തതുമായ കാര്യങ്ങളെ മാത്രമല്ല, ദൈവത്തിന്റെ ഹൃദയത്തിൽ മറഞ്ഞിരിക്കുന്നതായ കാര്യങ്ങളെയും സൂചിപ്പിക്കുന്നു; ഇതാണ് വേദപുസ്തകത്തിൽ പരാമർശിച്ചിരിക്കുന്ന മർമങ്ങളെ സംബന്ധിച്ച തത്ത്വം**

**II. കൊലൊസ്സ്യർ 2:2 പറയുന്നു: "ക്രിസ്തു എന്ന ദൈവ മർമം"; ദൈവത്തിന്റെ മർമം ക്രിസ്തുവിൽ വെളിപ്പെടുന്നു, അതിനാൽ ക്രിസ്തു ദൈവത്തിന്റെ മർമമാണ്**

**III. വേദപുസ്തകത്തിൽ അഞ്ച് വലിയ മർമങ്ങളുണ്ട്**

- പ്രപഞ്ചത്തിന്റെ മർമം ദൈവം
- മനുഷ്യന്റെ മർമം ദൈവം
- ദൈവത്തിന്റെ മർമം ക്രിസ്തു
- ക്രിസ്തുവിന്റെ മർമം സഭ
- സഭയുടെ മർമം ക്രിസ്തുവിന്റെ വികാസമെന്ന നിലയിൽ ക്രിസ്തുവിന്റെ ജൈവരൂപമായ, ക്രിസ്തുവിന്റെ ശരീരം

**IV. എഫെസ്യലേഖനത്തിൽ മർമം എന്നത് നിർണായകമായ ഒരു പദമാണ്**

- നിത്യതയിൽ ദൈവം ഒരു ഹിതത്തിന് പദ്ധതിയിട്ടു, എന്നാൽ അത് അവനിൽ മറഞ്ഞുകിടന്നു; അത് ഒരു മർമമായിരുന്നു
- ഇഴുകിച്ചേർന്ന ആത്മാവിലുള്ള ഈ മർമത്തിന്റെ അനാവരണം മർമത്തിന്റെ വെളിപാടാണ്
  - എഫെ. 3:3 വെളിപാടിനാൽ ആയിരുന്നു എനിക്കു മർമം അറിവാക്കിയത്
  - എഫെ. 3:5 അത് ഇപ്പോൾ ആത്മാവിൽ വെളിപ്പെട്ടതുപോലെ
- ഈ മർമത്തോടുകൂടെ ഒരു വ്യവസ്ഥയുണ്ട്—മർമത്തിന്റെ വ്യവസ്ഥ
- ക്രിസ്തു ഒരു മർമമാണ്, ക്രിസ്തുവിനെ ആവിഷ്കരിക്കാനുള്ള അവന്റെ ശരീരമായ സഭ, ക്രിസ്തുവിന്റെ മർമമാണ്
- ഏകാത്മാവെന്ന നിലയിൽ ക്രിസ്തുവും സഭയും വലിയ മർമമാണ്

## ക്രിസ്തു ദൈവത്തിന്റെ മർമമാണ്

**V. സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തു ദൈവത്തിന്റെ മർമമാണ്**

കൊലൊ. 2:2 ക്രിസ്തു എന്ന ദൈവമർമത്തിന്റെ

- ദൈവത്തിന്റെ മർമമെന്ന നിലയിൽ, സർവവും-ഉൾക്കൊള്ളുന്ന, വിശാലമായ ക്രിസ്തു, ദൈവത്തിന്റെ നിർവചനവും വിശദീകരണവും ആവിഷ്കാരവുമാണ്—ദൈവവചനമാണ്
  - ദൈവത്തിന് ഒരു ചരിത്രം, അഥവാ ഒരു കഥ ഉണ്ട്
  - ദൈവത്തിന്റെ ചരിത്രം, അവൻ നമ്മിലേക്ക് പ്രവേശിക്കുകയും നാം അവനിലേക്ക് കൊണ്ടുവരപ്പെടുകയും ചെയ്യത്തക്കവണ്ണം അവൻ കടന്നുപോയ പ്രക്രിയയെ പരാമർശിക്കുന്നു;
- ദൈവത്തിന്റെ മർമമായ ഈ സർവവും-ഉൾക്കൊള്ളുന്ന, വിശാലമായ ക്രിസ്തുവിൽ, ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും സകല നിക്ഷേപങ്ങളും മറഞ്ഞിരിക്കുന്നു
  - ക്രിസ്തുവിനെയും സഭയെയും സംബന്ധിച്ച ദിവ്യവ്യവസ്ഥയുടെ ആത്മിക ജ്ഞാനവും പരിജ്ഞാനവുമാണ് ഇത്

## ഈ മർമം ദേഹരൂപമെടുത്തു

**VI. ദൈവത്തിന്റെ മർമമെന്ന നിലയിൽ, ക്രിസ്തു ദൈവത്വത്തിന്റെ നിറവിന്റെ ദേഹരൂപമാണ്**

കൊലൊ. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്

- ദൈവത്വത്തിന്റെ സകല നിറവും മുഴുവൻ ദൈവത്വത്തെ, സമ്പൂർണ ദൈവത്തെ സൂചിപ്പിക്കുന്നു
  - ദൈവത്വം എന്ന പദം ദൈവഭാവത്തെ പരാമർശിക്കുകയും, ക്രിസ്തുവിന്റെ ദൈവഭാവത്തെ ശക്തമായി സൂചിപ്പിക്കുകയും ചെയ്യുന്നു
  - മനുഷ്യശരീരം ധരിച്ചുകൊണ്ട് അവൻ ജഡാവതാരം ചെയ്തശേഷം ദൈവത്വത്തിന്റെ നിറവ് ദേഹരൂപമായി അവനിൽ വസിക്കുവാൻ തുടങ്ങി; അവന്റെ തേജസ്കരിക്കപ്പെട്ട ശരീരത്തിൽ അത് ഇപ്പോഴും എന്നേക്കും വസിക്കുന്നു
- കൊലൊസ്സ്യർ 2:9-ലെ നിറവ് ദൈവത്തിന്റെ സമ്പത്തിനെയല്ല, ദൈവത്തിന്റെ സമ്പത്തിന്റെ ആവിഷ്കാരത്തെയാണ് പരാമർശിക്കുന്നത്
  - സമ്പത്ത് ഒരു വസ്തുവിന്റെ എണ്ണമാണ്, അതേസമയം നിറവ് ആ വസ്തുവിന്റെ ആവിഷ്കാരമായി ത്തീരാനുള്ള വസ്തുവിന്റെ പുറത്തേക്കുള്ള ഒഴുക്ക്, കവിഞ്ഞൊഴുക്ക് ആണ്
- ദൈവപുത്രൻ ഒരു മനുഷ്യനായി ജഡാവതാരം ചെയ്തപ്പോൾ, അവന്റെ പക്കൽ ദൈവത്തിന്റെ നിറവുണ്ടായിരിക്കുകയും, ഈ നിറവിൽനിന്ന് നമുക്ക് എല്ലാവർക്കും ലഭിക്കുകയും ചെയ്തിരിക്കുന്നു

## ക്രിസ്തു എന്ന ദൈവ മർമത്തിന്റെ അനുഭവം—നാം പൂർണ്ണരാക്കപ്പെടുന്നു

**VII. ക്രിസ്തുവിലുള്ള വിശ്വാസികളെന്ന നിലയിൽ, നാം ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്ന ക്രിസ്തുവിൽ പൂർണരാക്കപ്പെട്ടിരിക്കുന്നു**

കൊലൊ. 2:10 അവനിൽ നിങ്ങളും പൂർണരായിരിക്കുന്നു.

- വാക്യം 10-ൽ "പൂർണരായിരിക്കുന്നു" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന യവനപദം പൂർത്തീകരണം, തികവ് എന്നാണ് അർഥമാക്കുന്നത്
- സകല നിറവും ക്രിസ്തുവിൽ വസിക്കുന്നതുകൊണ്ടും നാം അവനിലേക്ക് വയ്ക്കപ്പെട്ടിരിക്കുന്നതുകൊണ്ടും ദിവ്യ സമ്പത്താൽ നിറഞ്ഞവരായി നാം പൂർണരാക്കപ്പെട്ടിരിക്കുന്നു
  - നാം ക്രിസ്തുവിനോട് ഒന്നായതുകൊണ്ട്, അവൻ നിവർത്തിച്ചതും, നേടിയതും, കരസ്ഥമാക്കിയതുമായ എല്ലാറ്റിലും നാം പങ്കുചേരുന്നു; ക്രിസ്തു ആയിരിക്കുന്നതും ക്രിസ്തുവിനുള്ളതും സ്വീകരിച്ചുകൊണ്ട് ക്രിസ്തു അനുഭവിച്ചതും കടന്നുപോയതുമായ സകലവും നാം അവകാശമാക്കുന്നു
- ക്രിസ്തുവിൽ നമുക്കുള്ളതിനെക്കുറിച്ചുള്ള പൂർണമായ ഒരു തിരിച്ചറിവ് നമുക്കുണ്ടായിരിക്കുകയും, ക്രിസ്തുവിൽ നമുക്കുള്ള എല്ലാറ്റിലും പങ്കുചേരുവാൻ വിശ്വാസത്തെ നാം വ്യായാമം ചെയ്യുകയും വേണം
- ഈ നിറവ് സർവവും-ഉൾക്കൊള്ളുന്നതായതുകൊണ്ട്, അത് നമുക്കുവേണ്ടി സകലവും നിവർത്തിക്കുകയും, അത് നമ്മെ പൂർണമായി തൃപ്തിപ്പെടുത്തുകയും സഹായം പ്രദാനംചെയ്യുകയും, അത് നമ്മെ നിറഞ്ഞവരും തികഞ്ഞവരും പൂർണരുമാക്കുകയും ചെയ്യുന്നു